പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 136 — 06.01.2014 -ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിക്കാൻ സർക്കാർ അനുവാദം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനയാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | റേറ്റ് കോൺട്രാക്റ്റിലെ പർച്ചേഴ്സ് വില നിശ്ചയിക്കുന്നത് സർക്കാർ തലത്തിലല്ല, മറിച്ച് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ്. 27.07.2012 - ൽ ചേർന്ന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ്, നിലവിലുള്ള ബ്രാന്റുകൾക്ക്, മദ്യവിതരണക്കാരിൽ നിന്നും 2011-12 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ മദ്യം വാങ്ങിയ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തിലേക്ക് അവർ ക്വാട്ട് ചെയ്ത വിലയോ ഏതാണോ കുറവ് അത് നൽകുവാനും തീരുമാനിച്ചു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന് എത്ര ശതമാനം വില വർദ്ധന നല്കുകയുണ്ടായി; ഏതെല്ലാം ഘട്ടത്തിൽ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുകളിൽ പ്രസ്താവിച്ച തരത്തിലുള്ള വില വർദ്ധനവ് 2012-13 സാമ്പത്തിക വർഷത്തിൽ 01.08.2012 മുതലാണ് നിലവിൽ വന്നത്. |
| (സി) | മദ്യത്തിന്റെ വില കൂടുന്നതു വഴി മദ്യ ഉല്പാദനക്കമ്പനികൾക്ക് ലഭിക്കുന്ന അധികനേട്ടം സംബന്ധിച്ച് കഴിഞ്ഞ മൂന്ന് വർഷത്തെ ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കുകൾ വിശദമാക്കാമോ; | (സി) | 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഒരിക്കൽ മാത്രമാണ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിച്ചത്. 2012-13 സാമ്പത്തിക വർഷത്തിൽ 01.08.2012 മുതലാണ് വർദ്ധനവ് നിലവിൽ വന്നത്. 01.08.2012 മുതൽ 31.03.2013 വരെയുള്ള കാലഘട്ടത്തിൽ മദ്യവിതരണക്കാർക്ക് ഏകദേശം 41 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | അധികവരുമാനമാണ് ഈയിനത്തിൽ ഉണ്ടായിട്ടുള്ളത്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ബിവറേജസ് കോർപ്പറേഷൻ, സംസ്ഥാനത്ത് പുതുതായി ഔട്ട്ലെറ്റുകൾ ഒന്നും സ്ഥാപിക്കുകയില്ലെന്നും നേരത്തെ സ്ഥാപിക്കാനുണ്ടായിരുന്ന തീരുമാനം റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നുവോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ബിവറേജസ് കോർപ്പറേഷന് പുതിയ ചില്ലറ വില്പനശാലകളൊന്നും അനുവദിച്ചിട്ടില്ല. |
| (ഇ) | എന്നാലതിനു വിരുദ്ധമായി പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലപാട് മാറ്റത്തിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; | (ഇ) | ഉണ്ട്. നിലവിലുള്ള പല ഷോപ്പുകളിലും വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ളതു കൊണ്ടും, ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ഇപ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. |
| (എഫ്) | മദ്യപാനത്തെ പ്രോത്സാഹിപ്പിക്കാനായുള്ള നിർദ്ദിഷ്ട സൂപ്പർ മാർക്കറ്റുകൾ ഏതെല്ലാമാണ് ; ഇവ സ്ഥാപിക്കുന്നതിന് കോർപ്പറേഷനുണ്ടായ ചെലവ് എത്ര വീതം ; വിശദമാക്കുമോ ; | (എഫ്) | മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുവാനല്ല, മറിച്ച് ഉപഭോക്താവിന്റെ സൗകര്യാർത്ഥമാണ് ഇത്തരത്തിൽ പുതിയ കൗണ്ടറുകൾ സ്ഥാപിച്ചത്. നിലവിലുള്ള ഉള്ളൂർ ഷോപ്പിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന നടപടി മാത്രമാണ് ഇക്കാര്യത്തിൽ കോർപ്പറേഷൻ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. ഉള്ളൂർ ഷോപ്പിന്റെ നവീകരണത്തിനായി 9.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ